പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 388 07. 01. 2014 ൽ മറുപടിക്ക്

ലാഭപ്രഭ പദ്ധതി

ചോദ്യം

ശ്രീ. ഇ. കെ. വിജയൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 'ലാഭപ്രഭ' പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | വേനൽക്കാലത്ത്, വിശേഷിച്ച് മാർച്ച് മുതൽ മെയ് വരെയുള്ള മാസങ്ങളിൽ ഡിമാന്റിനനുസരിച്ചുള്ള വൈദ്യുതിയുടെ ലഭ്യതയില്ല. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനായി പൊതുജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി ലാഭപ്രഭ എന്ന ബൃഹത്തായ പ്രചാരണ പരിപാടിക്ക് 2013 മാർച്ച് 23 ന് തുടക്കം കുറിച്ചു. ലാഭപ്രഭയോടൊപ്പം നോ-ലോഡ് ഷെഡ്ഡിംഗ് കാമ്പയിൻ എന്ന് പദ്ധതിയും നടപ്പിലാക്കി. ലാഭപ്രഭയിലൂടെ കേരളത്തിലെ മുഴുവൻ ജനങ്ങളേയും വൈദ്യുതി ലാഭിക്കാൻ പ്രേരിപ്പിക്കുകയും ഇതു വഴിയുണ്ടാകുന്ന ലാഭം ഉപഭോക്താവുമായി പങ്കുവെക്കുകയുമായിരുന്നു ലക്ഷ്യം. സംസ്ഥാനത്തെ ആദ്യത്തെ വൈദ്യുതി ഉപഭോഗ സാക്ഷരതാ പരിപാടി എന്ന നിലയിൽ കൂടിയാണ് ലാഭപ്രഭ നടപ്പാക്കിയത്. വൈദ്യുതി ലാഭിക്കുന്നതിനനുസരിച്ച് ഉപഭോക്താവിന്റെ വൈദ്യുതി ചെലവ് കുറയുകയും ലാഭിച്ച വൈദ്യുതി തുകയുടെ പകുതി മടക്കിക്കൊടുക്കുകയും ചെയ്യുന്നതാണ് പദ്ധതിയുടെ പ്രത്യേകത.<br><br>നോ-ലോഡ് ഷെഡ്ഡിംഗ് കാമ്പയിൻ എന്ന പദ്ധതിയിലൂടെ ഉപഭോക്താക്കളുമായി സഹകരിച്ച് ഊർജ്ജ സംരക്ഷണത്തിലൂടെ വൈദ്യുതി ലാഭിക്കുകയും ഫീഡറുകൾ കേന്ദ്രീകരിച്ച് ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുകയും ചെയ്യു. ജനപ്രതിനിധികൾ, സ്ഥാപനങ്ങൾ, പഞ്ചായ |

| | | | |
|---|---|---|---|
| | | | ജുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ചാണ് ഇത് നടപ്പിലാക്കിയത്. |
| (ബി) | പ്രസ്തുതപദ്ധതിയിലൂടെ നാദാപുരം നിയോജക മണ്ഡലത്തിൽ എത്ര ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തിട്ടുണ്ട്; | (ബി) | ലാഭപ്രഭയിൽ ചേർന്നവരുടെ നിയമസഭാ നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. എന്നാൽ നാദാപുരം നിയോജക മണ്ഡലം ഉൾപ്പെടുന്ന വടകര ഇലക്ട്രിക്കൽ സർക്കിളിൽ നിന്നും 4466 പേർ ലാഭപ്രഭയിൽ ചേർന്നിട്ടുണ്ട്. |
| (സി) | തെരെഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് യഥാസമയം ഇതിന്റെ ആനുകൂല്യം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (സി) | ലാഭപ്രഭയിൽ ചേർന്നവരിൽ മെയ് ഒന്ന് വരെ രജിസ്റ്റർ ചെയ്തവർക്ക് ഓരോ സി.എഫ്.എൽ വീതം നൽകിയിട്ടുണ്ട്. അർഹതപ്പെട്ടവർക്ക് നൽകാനുള്ള സമ്മാനങ്ങൾക്കായി അനെർട്ടിന് ഓർഡർ നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി വാങ്ങിയ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെയും മറ്റ് സാധനങ്ങളുടെയും വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ; | (ഡി)<br>(ഇ)<br>&<br>(എഫ്) | പ്രസ്തുത പദ്ധതിക്കായി ഇലക്ട്രിക് ഉപകരണങ്ങളോ മറ്റ് സാധനങ്ങളോ നാളിതുവരെ വാങ്ങിയിട്ടില്ല. |
| (ഇ) | ഈ രജിസ്റ്റർ പ്രകാരം ഇനിയും വിതരണം ചെയ്യാനുള്ള ഉപകരണങ്ങളുടെ വിശദാംശം നൽകാമോ; | | |
| (എഫ്) | ഇത്തരത്തിൽ കെട്ടിക്കിടക്കുന്ന ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ